I/45606/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**കീം -2023**

**കേരള എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശനം-2023**

**ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

**ഓപ്ഷൻ സമർപ്പിക്കുന്നതിന് 26.07.2023 വൈകുന്നേരം 4.00 മണി വരെ സമയം ദീർഘിപ്പിച്ചു**

2023-24 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയുടെ ഭാഗമായുള്ള ട്രയൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. **25.07.2023, രാവിലെ 11.00 മണി** വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിലാണ് ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ അലോട്ട്മെന്റ് യഥാർത്ഥ പ്രവേശനം ഉറപ്പു വരുത്തുന്നില്ല. ഒരു വിദ്യാർത്ഥിക്ക് പ്രവേശനം ലഭിക്കാനുള്ള കോഴ്സ്/കോളേജ് സാധ്യത മാത്രമാണ് ട്രയൽ അലോട്ട്മെന്റ് സൂചിപ്പിക്കുന്നത്. ഈ സാധ്യതകൾ മനസ്സിലാക്കി വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ സമർപ്പിക്കുന്നതിനും ഇതിനോടകം നൽകിയ ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും **26.07.2023 വൈകുന്നേരം 4.00 മണി വരെ** സമയം ലഭ്യമാണ്. ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കോഴ്സ്, കോളേജ് കോമ്പിനേഷനുകളിലേയ്ക്ക് പിന്നീട് ഒരു ഘട്ടത്തിലും ഓപ്ഷനുകൾ നൽകാൻ അവസരമുണ്ടായിരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**ജോയിന്റ് കമ്മീഷണർ**

തിരുവനന്തപുരം
25-07-2023